# 12

# നിയമനിർമ്മാണവും ക്ലയന്റ് ഉപദേശവും

| അദ്ധ്യായ ഉള്ളടക്കങ്ങൾ | സിലബസ് പഠന ഫലങ്ങൾ |
| --- | --- |
| എ) ഇൻഷുറൻസ് നിയമം 1938 | 12.1, 12.2 |
| ബി ഇൻഡ്യ ലൈഫ് അഷ്വറൻസ് കമ്പനികളുടെ നിയമം 1912 | 12.1, 12.2 |
| സി ലൈഫ് ഇൻഷുറൻസ് കോർപ്പറേഷന് നിയമം 1956 | 12.1, 12.2 |
| ഡി ഇൻഷുറൻസ് റഗുലേറ്ററി ആന്റ് ഡേവലപ്മെന്റ് അതോറിറ്റി (ഐആർഡിഎ) നിയമം 1999 | 12.1, 12.2 |
| ഇ പണം വെളുപ്പിക്കല് തടയാനുള്ള നിയമം (പിഎംഎൽഎ) 2002 | 12.1, 12.2 |
| എഫ് വിവാഹിതരായ സ്ത്രീകളുടെ സ്വത്ത് (എംഡബ്ല്യൂപി) നിയമം 1874 | 12.1, 12.2 |
| ജി മറ്റ് പ്രധാനപ്പെട്ട നിയമനിർമ്മാണം | 12.1, 12.2 |
| | |

## പഠന ലക്ഷ്യങ്ങൾ

ഈ അദ്ധ്യായം പഠിച്ചതിനുശേഷം നിങ്ങൾക്ക് താഴെ പറയുന്നവ സാധിക്കും:

- ക്ലയന്റിന് ഉപദേശങ്ങള് നൽകാന് ലൈഫ് ഇൻഷുറൻസ് ഏജന്റുമാർക്ക്

നിലവിലുള്ള നിയമനിർമ്മാണ വ്യവസ്ഥയിലെ സാദ്ധ്യതകള് വിശദീകരിക്കുക.

# ആമുഖം

നിങ്ങളുടെ ഈ പഠന സമയത്ത് നിങ്ങൾക്ക് താഴെ പറയുന്നവയില് നല്ല അറിവുണ്ടായിരിക്കും:

- ഇൻഷുറൻസ് എങ്ങനെയാണ് പ്രവർത്തിക്കുന്നത്;
- നിങ്ങൾ ഉപദേശിക്കുകയും വിൽക്കുകയും ചെയ്യുന്ന ഉൽപന്നങ്ങളുടെ ശ്രേണിയും വിശദാംശങ്ങളും;
- നിങ്ങളുടെ ക്ലയന്റിന് എങ്ങനെയാണ് പ്രഫഷണലായ സേവനം ലഭ്യമാക്കുക; കൂടാതെ
- ക്ലെയിം ഉണ്ടാകുമ്പോൾ എന്ത് സംഭവിക്കുന്നു.

കോഴ്സിന്റെ അവസാന ഭാഗം നിലവിലുള്ള നിയമവ്യവസ്ഥകളുമായി ബന്ധപ്പെട്ടതാണ്, അത് ഊന്നുന്നത് നിങ്ങളുടെ ലൈഫ് ഇൻഷുറൻസ് ഏജന്റ് എന്ന നിലയിൽ കക്ഷികൾക്ക് ഉപദേശം നൽകുന്നതില് നിങ്ങളുടെ പങ്കിനെക്കുറിച്ചുള്ളതാണ്.

ഈ അദ്ധ്യായത്തിൽ നമ്മൾ, 1938 ലെ **ഇൻഷുറൻസ് നിയമവ്യവസ്ഥയി**ൽ ഏജന്റുമാരില് സ്വാധീനം ചെലുത്തിയ വ്യവസ്ഥകളെ കേന്ദ്രീകരിച്ചുകൊണ്ട് നടത്തും.

| **പ്രധാന വാക്കുകകൾ** | | |
|---|---|---|
| ഈ അദ്ധ്യായത്തിൽ താഴെപ്പറയുന്ന വാക്കുകളുടെയും ആശയങ്ങളുടെയും വിശദീകരണങ്ങള് ഉൾക്കൊള്ളുന്നു: | | |
| പ്രതിഫലം | റിബൈറ്റുകൾ നിരോധിക്കൽ | ഇൻഷുറൻസ് ഏജന്റുമാരുടെ ലൈസൻസിംഗ് |
| ലേയകത്വം | പണം കഴുകുക | സാമ്പത്തിക ഇന്റലിജൻസ് യൂണിറ്റ് (എഫ്ഐയു) |
| വിശ്വാസം | ട്രസ്റ്റർ | വിശ്വസനീയമാ യ |
| ബെനിഫിഷ്യ റി | കൂടിയതും കുറഞ്ഞതും അപകടസാദ്ധ്യത യുള്ള | നിങ്ങളുടെ ഉപഭോക്താവി നെ അറിയുക (കെവൈസി) |

| | | |
|---|---|---|
| | ഉപഭോക്താക്കൾ | |

# എ) ഇൻഷുറൻസ് നിയമം 1938

ഇൻഷുറൻസ് ബിസിനസ്സുമായി ബന്ധപ്പെട്ട് ഇൻഡ്യയില് നടന്ന ഏറ്റവും പ്രധാനപ്പെട്ട നിയമനിർമ്മാണമാണിത്, കൂടാതെ അദ്ധ്യായം 1 ല് പറഞ്ഞതുപോലെ, ഇത് പ്രയോഗത്തിൽ വന്നത് 1939 ജൂലയ് 1 നാണ്. ഇൻഷുറൻസ് ബിസിനസ്സുമായി ബന്ധപ്പെട്ട നിയമം എല്ലാ വ്യവസ്ഥകളെയും ഏകോപിപ്പിക്കുകയും ഇൻഷുറൻസ് ബിസിനസ്സിനു ശേഷമുള്ള വ്യവസ്ഥിതിയ്ക്ക് ശക്തമായ നിയന്ത്രണം സാദ്ധ്യമാക്കുകയും ചെയ്തു. 1938 ലെ യഥാർത്ഥ നിയമം 1950, 1956, 1968, 1972, എന്നീ വർഷങ്ങളിലും കൂടാതെ 1999, 2002 എന്നീ വർഷങ്ങളില് ഐആർഡിഎയുടെ സ്ഥാപനത്തെ തുടർന്നും (വിഭാഗം ഡി കാണുക) കൂട്ടിയോജിപ്പിക്കുകയും പരിഷ്കരിക്കുകയുമുണ്ടായി. ഈ നിയമം വിശാലാടിസ്ഥാനത്തിൽ താഴെപ്പറയുന്നവയുമായി ബന്ധപ്പെട്ട കാര്യങ്ങള് ഉൾക്കൊള്ളുന്നു:

- ഇൻഷുറർമാരുടെ രജിസ്ട്രേഷനും രജിസ്ട്രേഷന് പുതുക്കലും;
- പ്രീമിയം നിക്ഷേപത്തിന്റെ രീതി;
- ഇൻഷുറർമാരുടെ ലേയകത്വ നില തുടരുക (താഴെക്കാണുന്ന *ബോധവാനായിരിക്കുക* കാണുക);
- ജോലിക്കാരുടെ നിയമനം;
- ഇൻഷുറൻസ് ബിസിനസ്സിന്റെ സംയോജിപ്പിക്കലും കൈമാറ്റവും;
- പോളിസികളുടെയും നോമിനേഷനുകളുടെയും അസൈൻമെന്റ്;
- പ്രാദേശികവും സാമൂഹികവുമായ മേഖല;
- മാനേജ്മെന്റിനുമേലുള്ള നിയന്ത്രണം;
- ഏജന്റുമാരുടെ ലൈസൻസിംഗും അവരുടെ കമ്മീഷനും;
- റിബൈറ്റുകളുടെ നിരോധനം;
- റഗുലേറ്ററി അതോറിറ്റിയുടെ അന്വേഷണത്തിന്റെ ശക്തിയും കൂടാതെ പരിശോധനയും;
- പോളിസി ഉടമകളുടെ സംരക്ഷണം;
- ഇൻഷുറൻസ് അസോസിയേഷന് കൂടാതെ ഇൻഷുറൻസ് കൌൺസില് എന്നിവയുടെ നിയമവ്യവസ്ഥ.

**ബോധവാനായിരിക്കുക**

ലേയകത്വത്തിന്റെ സാഹചര്യത്തില് – എളുപ്പമുള്ള വ്യവസ്ഥകളിൽ – എന്നുവെച്ചാൽ ഇൻഷുറർക്ക് ഏതെങ്കിലുമൊരു സമയത്ത് എല്ലാ

ക്ലേയിമുകളും നൽകാന് കഴിയുമെന്ന് ഐആർഡിഎയ്ക്ക് ഉറപ്പുകൊടുക്കാൻ ആവശ്യമായ ഉറവിടങ്ങളുണ്ടോ.

1999 വരെ ഇൻഷുറൻസ് നിയന്ത്രിച്ചിരുന്ന ആൾക്കായിരുന്നു (കേന്ദ്ര സർക്കാര് നിയമിച്ച എല്ലാ ശക്തികളും ഉള്ളതും, അതോറിറ്റിയുടെ എല്ലാ പ്രവർത്തനങ്ങളും പുറത്തുവിടാനുമുള്ള ആൾ) 1938 ലെ ഇൻഷുറൻസ് നിയമപ്രകാരം ചുമതല. ഈ നിയന്ത്രകന് പകരമാണ് ഐആർഡിഎ.

## എ1 ഏജന്റുമായി സവിശേഷമായി ബന്ധപ്പെട്ട വ്യവസ്ഥകൾ

നിയമത്തിന്റെ താഴെപ്പറയുന്ന വിഭാഗങ്ങളാണ് ഏജന്റുമാർക്ക് പ്രത്യേകിച്ചും മനസ്സിലാക്കേണ്ടത്, അവ താഴെപ്പറയുന്ന കാര്യങ്ങൾക്കുള്ള മാർഗ്ഗനിർദ്ദേശങ്ങളാണ്:

- ഏജന്റുമാരുടെ ലൈസൻസിംഗ്;
- അവർക്ക് നൽകേണ്ട കമ്മീഷൻ: കൂടാതെ
- റിബൈറ്റുകളുടെ നിരോധനം.

## എ1എ വകുപ്പ് 40(1) – ബിസിനസ്സ് നേടുന്നതിന് കമ്മീഷൻ വഴിയുള്ള പേയ്മെന്റ് നിരോധിക്കല്.

ലൈസൻസുള്ള ഏജന്റുമാര് അല്ലെങ്കില് ഒരു ഇൻഷുറൻസ് മദ്ധ്യവർത്തി എന്നിവരെക്കൂടാതെ ഇൻഡ്യയില് ഇൻഷുറൻസ് ബിസിനസ്സ് ഏതൊരു വ്യക്തിയ്ക്കും നടത്താനും പ്രതിഫലം നേടാനുമുള്ളതുമായ സോൾവൻസിയുടെ നിരോധനം 1938 ലേ നിയമത്തിലെ വിഭാഗം 40 (1) പ്രകാരം.

**വിഭാഗം 40(1)**

ഈ നിയമത്തിന്റെ പുറപ്പെടുവിക്കുന്നതിനുശേഷം 6 മാസം കഴിഞ്ഞ് ഒരു വ്യക്തിയും ലൈസൻസുള്ള ഏജന്റുമാര് അല്ലെങ്കില് ഒരു ഇൻഷുറൻസ് മദ്ധ്യവർത്തി എന്നിവരെക്കൂടാതെ ഇൻഡ്യയില് ഇൻഷുറൻസ് ബിസിനസ്സ് ഏതൊരു വ്യക്തിയ്ക്കും നടത്താനും പ്രതിഫലം നേടാനുമുള്ളതുമായ

ലായകത്വത്തിന്റെ നിരോധനം.

ഉദാഹരണം
ലൈഫ് ഇൻഷുറൻസ് നിയമനത്തിനു മുമ്പുള്ള പരീക്ഷയ്ക്ക് പ്രശാന്ത് ഹാജറായി, പക്ഷെ ആവശ്യമായ മാർക്ക് ലഭിക്കാത്തതിനാല് പരാജയപ്പെടുകയും ഐആർഡിഎ നിയമപ്രകാരം ഒരു ഇൻഷുറൻസ് ഏജന്റായോ അല്ലെങ്കില് മദ്ധ്യവർത്തിയായോ ബിസിനസ്സ് നടത്തുന്നതിന് സാധിക്കാതെ വരികയും ചെയ്യുന്നു. അതോറിറ്റിയില് നിന്ന് ലൈസൻസ് ലഭിക്കുന്നതുവരെ യാതൊരു തരം ഇൻഷുറൻസ് പ്രവർത്തനങ്ങളും നടത്താന് പാടില്ല.

വിഭാഗം 40എ(1) ഇൻഷുറൻസ് ഏജന്റിന് കമ്മീഷനായി ലഭിക്കുന്ന പ്രതിഫലത്തിന് ചില പരിധികൾ ഏർപ്പെടുത്തിയിട്ടുണ്ട്, അതിനെക്കുറിച്ചുള്ള വിശദാംശങ്ങൾ ഇതിനോടകം തന്നെ അദ്ധ്യായം 10: 'മികച്ച ക്ലയന്റ് ശീലങ്ങള്'ൽ ചർച്ച ചെയ്തിട്ടുണ്ട്.

വിഭാഗം 40എ(1) ലൈഫ് ഇൻഷുറൻസ് ബിസിനസ്സ് നടത്താനുള്ള ചിലവുകളുടെ കാര്യത്തിലും നിയന്ത്രണങ്ങൾ ശുപാർശ ചെയ്യുന്നു. എല്ലാ ഇൻഷുറർമാരും ഇത് അനുസരിക്കണം കൂടാതെ ഒരു നിശ്കിത സമയത്തിനകം ആക്ചുറി സാക്ഷ്യപ്പെടുത്തിയ സ്റ്റേറ്റ്മെന്റുകള് വേണ്ട ഫോർമാറ്റില് നൽകേണ്ടതുമാണ്.

## എ1ബി വിഭാഗം 41(1) – റിബൈറ്റുകളുടെ നിരോധനം

ഒരു പോളിസി ആരംഭിക്കാനോ അത് പുതുക്കാനോ ഏതെങ്കിലും വ്യക്തിയ്ക്ക് 1938 ലെ ഇൻഷുറൻസ് നിയമത്തിലെ വിഭാഗം 41(1) പ്രകാരം ഏതെങ്കിലും ഏജന്റോ/മദ്ധ്യവർത്തിയോ കമ്മീഷനോ/പ്രീമിയം റിബൈറ്റോ നൽകുന്നത് നിരോധിച്ചിരിക്കുന്നു. ഇൻഷുറൻസ് എടുക്കാനായി റിബൈറ്റ് വാഗ്ദാനങ്ങള് സ്വീകരിക്കുന്നതും തെറ്റാണ്.

**വിഭാഗം 41(1)**
പ്രത്യക്ഷമായോ പരോക്ഷമായോ, ഇൻഡ്യയില് ഒരു വ്യക്തിയെ ജീവിതമായോ സ്വത്തുമായോ ബന്ധപ്പെട്ട് അപകടസാദ്ധ്യത തരണം ചെയ്യാൻ ഇൻഷുറൻസ് കമ്പനികളോ വ്യക്തികളോ നൽകാനുള്ള കമ്മീഷനോ, അല്ലെങ്കിൽ പോളിസിയില് കാണിച്ചിരിക്കുന്ന പ്രീമിയം തുകയിൽ നിന്നോ റിബൈറ്റ് നൽകാന് പാടില്ല, ഇതിൽ നിന്നൊഴിവാക്കാവുന്നത് ഇൻഷുറര് മുമ്പ് പ്രോസ്പേക്റ്റസ്സിലോ അല്ലെങ്കിൽ പട്ടികകളിലോ പ്രസിദ്ധീകരിച്ചവ മാത്രമാണ്, അല്ലാതെ ആരിലും സമ്മർദ്ദം ചെലുത്താന് പാടില്ല.

**ഉദാഹരണം**

സന്തോഷ് എബിസി കമ്പനിയിലെ ഒരു ലൈഫ് ഇൻഷുറൻസ് ഏജന്റാണ്. കരണിന്റെ ജീവിതചക്രത്തില് വരുന്ന ആവശ്യങ്ങള് മനസ്സിലാക്കി സന്തോഷ് കരണിനെ സമീപിക്കുന്നു. അതേസമയം തന്നെ മറ്റ് ലൈഫ് ഇൻഷുറൻസ് കമ്പനികളില് നിന്നും ഏജന്റുമാര് അദ്ദേഹത്തെ സമീപിച്ച് ഉൽപന്നങ്ങള് പരിഗണിക്കാന് അഭ്യർത്ഥിച്ചിരുന്നു.

ഈ കേസിൽ കരണ് മറ്റ് ലൈഫ് ഇൻഷുറൻസ് കമ്പനികളെ മറക്കണമെന്നും എബിസി കമ്പനിയുടെ ലൈഫ് ഇൻഷുറൻസ് വാങ്ങണമെന്നും പറയാനോ കമ്മീഷനിൽ നിന്ന് ഒരു ഭാഗം റിബൈറ്റായി വാഗ്ദാനം ചെയ്യാനോ സന്തോഷിന് 1938 ലെ ഇൻഷുറൻസ് നിയമം വകുപ്പ് 41 പ്രകാരം, സാധിക്കില്ല.

അതുപോലെത്തന്നെ കരണിന് ഏജന്റുമാരില് നിന്ന് ഇൻഷുറൻസ് വാങ്ങുന്നതിനും റിബൈറ്റ് ചോദിക്കാൻ പാടില്ല

ഈ വിഭാഗത്തിലെ വകുപ്പുകൾ അനുസരിക്കാത്ത ഏതൊരാൾക്കും 500 രൂപ വരെ പിഴ നൽകേണ്ടതായി വരും.

## എ1സി വിഭാഗം 42 – ഇൻഷുറൻസ് ഏജന്റുമാരുടെ ലൈസൻസിംഗ്

1938 ലെ ഇൻഷുറൻസ് നിയമത്തിലെ വിഭാഗം 42 പ്രകാരം ഒരു വ്യക്തിയ്ക്കോ കമ്പനിയ്ക്കോ യഥാക്രമം ഒരു ലൈഫ് ഇൻഷുറൻസ് ഏജന്റായോ ഇൻഷുറൻസ് ബിസിനസ്സ് നടത്താനോ ലൈസൻസ് നൽകുന്നത് വ്യവസ്ഥകളാൽ നിയന്ത്രിച്ചിരിക്കുന്നു. ഈ വിഭാഗം താഴെപ്പറയുന്നതിലൂടെ കടന്നുപോകുന്നു:




ഏജന്റുമാർക്ക് ലൈസൻസ് പുറപ്പെടുവിക്കുന്നതിനുള്ള കൂടുതല് വിവരങ്ങൾ അദ്ധ്യായം 13 ല് ചർച്ച ചെയ്യും.

## എ1ഡി വിഭാഗം 44 – കമ്മീഷൻ പേയ്മെന്റില് സെസ്സേഷൻ അനുവദിക്കുന്നതിനുള്ള നിരോധനം

അദ്ധ്യായം 10 ല് നമ്മള് കണ്ടതുപോലെ 1938 ലെ ഇൻഷുറൻസ് നിയമം വിഭാഗം 44 പ്രകാരം, പുതുക്കൽ കമ്മീഷന് ഒരു ഏജന്റിനും

നിഷേധിക്കാനാകില്ല, അത് കരാർ പ്രകാരം ലൈഫ് ഇൻഷുറൻസ് ബിസിനസ്സിലെ നിയമമമാണ്. ഏജൻസിയുടെ പിരിച്ചുവിടലിനുശേഷവും പുതുക്കൽ കമ്മീഷന് സാദ്ധ്യമാണ്, അത് വഞ്ചനയ്ക്ക് മാത്രം ലഭിക്കില്ല. അതിൽ ഇപ്രകാരം പറയുന്നു:

- കഴിഞ്ഞ അഞ്ച് വർഷമെങ്കിലുമായി ഇൻഷുറൻസ് ഏജന്റ് ഇൻഷുററെ തുടർച്ചയായും അവർക്ക് മാത്രമായും പ്രവർത്തിച്ചു, കൂടാതെ 50,000 രൂപയിൽ കുറയാത്ത പോളിസികളും അയാള് വഴി സമാഹരിക്കപ്പെട്ടു, കൂടാതെ അദ്ദേഹം മൂലമുള്ള പുതുക്കൽ പ്രീമിയങ്ങളില് കമ്മീഷന് 4% കടക്കുന്നില്ല;

അല്ലെങ്കിൽ

- കഴിഞ്ഞ 10 വർഷമായി ഏജന്റ് ഇൻഷുററെ മാത്രം തുടർച്ചയായി സേവിക്കുകയും നിയമപ്രകാരം അദ്ദേഹം അത് ഉപേക്ഷിച്ച് നേരിട്ടോ അല്ലാതെയോ മറ്റാർക്കെങ്കിലും വേണ്ടി ഇൻഷുറൻസ് ബിസിനസ്സ് നടത്താതെയുമിരുന്നാൽ.

**ബോധവാനായിരിക്കുക**
ഒരു ഏജന്റിന് മരണം സംഭവിക്കുകയാണെങ്കില്, മുകളിൽ പറഞ്ഞ കാര്യങ്ങളിൽ (എ) കൂടാതെ (ബി) അദ്ദേഹത്തിന്റെ നിയമപരമായ അവകാശികൾക്ക് അദ്ദേഹത്തിന് എത്ര കാലം നൽകുമായിരുന്നുവോ അത്രയും കാലം നൽകുക.

**ചോദ്യം 12.1**
വിഭാഗം 42 ന്റെ ഇൻഷുറൻസ് ഏജന്റിന്റെ ലൈസൻസിംഗുമായി ബന്ധപ്പെട്ട കാര്യങ്ങളുടെ പട്ടികയുണ്ടാക്കുക.

# ബി ഇൻഡ്യന് ലൈഫ് അഷ്വറൻസ് കമ്പനി നിയമം 1912

ഇൻഡ്യന് ലൈഫ് അഷ്വറൻസ് കമ്പനി നിയമം 1912 ല് പാസായപ്പോഴാണ് ഇൻഡ്യയില് ആദ്യമായി നിയമപരമായി ലൈഫ് ഇൻഷുറൻസ് വ്യവസായത്തിന് മാനദണ്ഡങ്ങളുണ്ടായത്. 1912 ന് മുമ്പ്, ഇൻഡ്യയില് ലൈഫ് ഇൻഷുറൻസ് വ്യവസായത്തിന് നിയമപരമായ യാതൊരു നിയന്ത്രണവും ഉണ്ടായിരുന്നില്ല.

അദ്ധ്യായം 1ൽ നമ്മള് കണ്ടതുപോലെ ഇൻഡ്യയിലെ ലൈഫ് ഇൻഷുറൻസ് ബിസിനസ്സ് പ്രധാനമായും കടപ്പെട്ടിരിക്കുന്നത് വിദേശ രാജ്യങ്ങളോടാണ്,


പ്രത്യേകിച്ചും ഇംഗ്ലണ്ടിനോട്, മാത്രമല്ല അവരാണ് 1818 ല് കൊൽക്കത്തയില് ഓറിയന്റല് ലൈഫ് ഇൻഷുറൻസ് കമ്പനി സ്ഥാപിച്ചതും.

എന്നിരുന്നാലും, അക്കാലത്ത് എല്ലാ ഇൻഷുറൻസ് കമ്പനികളും യൂറോപ്യന്മാരുടെ ആവശ്യാർത്ഥം സ്ഥാപിച്ചതിനാല് ഇൻഡ്യക്കാർക്ക് മറ്റ് പോളിസി ഉടമളെ അപേക്ഷിച്ച് ഭീമമായ പ്രീമിയം അടയ്ക്കേണ്ടിവന്നു. 1912 ലെ നിയമപ്രകാരമാണ് കമ്പനിയെ ആക്ച്വറി സാക്ഷ്യപ്പെടുത്തിയതാകണം എന്ന് വന്നത്. എന്നിരുന്നാലും പല മേഖലകളിലും വിദേശ, ഇൻഡ്യന് കമ്പനികള് തമ്മില് പക്ഷഭേദം ഉണ്ടായിരുന്നതിന്റെ ഫലമായി, ഇൻഡ്യന് കമ്പനികൾക്ക് മുൻതൂക്കം നഷ്ടപ്പെടുകയാണ് ചെയ്തത്.

## സി ലൈഫ് ഇൻഷുറൻസ് കോർപ്പറേഷന് നിയമം 1956

ലൈഫ് ഇൻഷുറൻസ് കോർപ്പറേഷന് നിയമം 1956 പാസായത് 1956 ജൂണ് 19 നാണ്, അതിനെത്തുടർന്നുതന്നെ 1956 സെപ്റ്റംബര് 1 ന് ലൈഫ് ഇൻഷുറൻസ് കോർപ്പറേഷന് (എൽഐസി) സ്ഥാപിതമായി.

1956 ലെ ലൈഫ് ഇൻഷുറൻസ് കോർപ്പറേഷന് നിയമം പാസാക്കിയത്:



**ബോധവാനായിരിക്കുക**
ലൈഫ് ഇൻഷുറൻസ് കോർപ്പറേഷന് ഓഫ് ഇൻഡ്യ 1956 ല് സ്ഥാപിതമായത് ഇൻഡ്യന്, വിദേശ കമ്പനികളുൾപ്പെടെ 245 ഇൻഷുറർമാരുമായാണ് (154 ഇൻഡ്യന്, 16 ഇന്ത്യേതരം- ഇൻഡ്യന് കൂടാതെ 75 പ്രൊവിഡന്റ് സൊസൈറ്റികളും).

എൽഐസി നിയമം പാസാക്കിയത് ഇൻഡ്യയിലെ ലൈഫ് ഇൻഷുറൻസ് ബിസിനസ്സ് ദേശസാൽക്കരിക്കുക എന്ന ഉദ്ദേശത്തോടെയാണ് കൂടാതെ എൽഐസി കൂടാതെ ബന്ധപ്പെട്ട ഘടകങ്ങൾ എന്നിവയുടെ ബിസിനസ്സില് നിയന്ത്രണങ്ങൾ പുലർത്താനും.

എൽഐസിയ്ക്ക് നിയമത്തിലെ **വിഭാഗം 30** പ്രകാരം ഇൻഡ്യയില് ലൈഫ് ഇൻഷുറൻസ് ബിസിനസ്സ് ഒറ്റയ്ക്ക് നടത്താനുള്ള അനുമതി നൽകി. 1999 ല് സർക്കാരിന്റെ സാമ്പത്തിക നവീകരണ നയത്തിന്റെ ഭാഗമായി ഇതിൽ ഭേദഗതി വരുത്തി.

## ഡി ഇൻഷുറൻസ് റെഗുലേറ്ററി അന്റ് ഡെവലപ്പ്മെന്റ് അതോറിറ്റി (ഐആർഡിഎ) നിയമം 1999

ഇൻഷുറൻസ് റെഗുലേറ്ററി അന്റ് ഡെവലപ്പ്മെന്റ് അതോറിറ്റി (ഐആർഡിഎ) നിയമം 1999 പാർലമെന്റില് പാസാക്കിയത് 1999 ഡിസംബറിലാണ്. അതാണ് ഒരു കോർപ്പറേറ്റ് ബോഡി എന്ന നിലയ്ക്ക് ഐആർഡിഎയെ മാറ്റിയത്:

- ഇൻഷുറൻസ് പോളിസി ഉടമകളുടെ താൽപര്യം സംരക്ഷിക്കാന്;
- ഇൻഷുറൻസ് വ്യവസായത്തിന്റെ ക്രമാനുഗതമായ വളർച്ച നിയന്ത്രിക്കാനും പ്രോത്സാഹിപ്പിക്കാനും; കൂടാതെ
- മറ്റ് ബന്ധപ്പെട്ട കാര്യങ്ങൾക്കും

ഐആർഡിഎ നിയമം 1999 ന്റെ വിഭാഗം എ യില് സൂചിപ്പിച്ചിട്ടുള്ളതുപോലെ 1938 ലെ ഇൻഷുറൻസ് നിയമം, 1956 ലെ ലൈഫ് ഇൻഷുറൻസ് കോർപ്പറേഷന് നിയമം, 1972 ലെ ജനറല് ഇൻഷുറൻസ് ബിസിനസ്സ് (ദേശസാൽക്കരണം) നിയമം എനിവയ്ക്ക് ഭേദഗതികൾ വരുത്തി.

നമ്മൾ കണ്ടിട്ടുള്ളതുപോലെ, ഐആർഡിഎ ഇൻഷുറൻസിലെ നിയന്ത്രകന് ആയി മാറി. അതിൽ രെജിസ്ട്രേഷന്, ലൈസൻസിംഗ്, വാങ്ങൽ എന്നിവയുമായി ബന്ധപ്പെട്ട നിയമങ്ങൾ പോളിസി ഉടമകളുടെ താൽപര്യപ്രകാരം നടത്തുന്നു.


**ബോധവാനായിരിക്കുക**
ഐആർഡിഎ നിയമം 1999 ന്റെ വിഭാഗം 4 ഐആർഡിഎ യുടെ മാതൃക വ്യക്തമാക്കുന്നു. ഇതിന് ഒരു ചെയർപേഴ്സണ്, നാലിൽ കൂടാത്ത പാർട്ട് ടൈം അംഗങ്ങള് എന്നിവരുണ്ടായിരിക്കും. എല്ലാ അംഗങ്ങളെയും നിയമിക്കുന്നത് ഭാരത സർക്കാരാണ്. വകുപ്പ് 14 ഐആർഡിഎയുടെ കടമകള്, ശക്തികൾ കൂടാതെ പ്രവർത്തനങ്ങളെക്കുറിച്ചും വ്യക്തമാക്കുന്നു.

## ഇ പണം വെളുപ്പിക്കുന്നതിനെതിരെയുള്ള നിയമം (പിഎംഎൽഎ) 2002

ഇതിന്റെ പ്രധാന നിയമവശം വിശദീകരിക്കുന്നതിന് മുമ്പ്, ഇത് എങ്ങനെ ലൈഫ് ഇൻഷുറൻസ് ഏജന്റുമാരെ ബാധിക്കുമെന്ന് പറയുന്നതിന് മുമ്പ്, എന്താണ് പണം വെളുപ്പിക്കൽ എന്ന് വിശദീകരിക്കാം.

പണം വെളുപ്പിക്കൽ എന്നത് സാമ്പത്തിക മേഖലയിലെ പണം ഉറവിടം പുറത്തറിയിക്കാതെ നിയമപരമായി സമ്പാദിച്ചതാണ് എന്ന് തോന്നിപ്പിക്കുന്ന വിധമാണ്. പണം വെളുപ്പിക്കൽ എന്നാല് ഇങ്ങനെ നിയമരഹിതമായ പണത്തെ നിയമപരമാക്കുന്നതരത്തിൽ മാറ്റുന്നതിനെയാണ് പറയുന്നത്. നിയമവിരുദ്ധമായ അല്ലെങ്കിൽ 'വൃത്തികെട്ട' പണം ഒരു കൈമാറ്റ ശൃംഖലയിലൂടെ കടന്ന് 'നിയമപരമായതോ' അല്ലെങ്കിൽ 'ശുദ്ധമായതോ' ആകുന്നു.

മൂന്നു തരത്തിലുള്ള പണം വെളുപ്പിക്കലുണ്ട്:




**പണം വെളുപ്പിക്കുന്നതിനെതിരെയുള്ള നിയമം (പിഎംഎൽഎ) 2002** നിലവിൽ വന്നത് 2005 ജൂലയ് 1 നാണ്. പണം മുഖാന്തരമുള്ള തീവ്രവാദം തടയാനായി ലക്ഷ്യമിട്ടായിരുന്നു ഇത് ചെയ്തത്. ഇൻഷുറൻസ് കമ്പനികൾക്ക് ആന്റി-മണി ലോണ്ടറിംഗ് (എഎംഎല്) മാർഗ്ഗനിർദ്ദേശങ്ങള് 2006 മാർച്ചിലാണ്, ഇത് പണം വെളുപ്പിക്കലിനെതിരെ നടന്ന ഏറ്റവും വലിയൊരു നീക്കമായിരുന്നു. എല്ലാ കമ്പനികൾക്കും ഒരു എഎംഎല് നയം ഉണ്ടായിരിക്കണം, കൂടാതെ ഒരു പകർപ്പ് ഐആർഡിഎയ്ക്ക് മുമ്പാകെ ഫയൽ ചെയ്യുകയും വേണം.

ഇൻഷുറൻസ് കമ്പനികൾ വൈവിദ്ധ്യമാർന്ന ഒരുപാട് ഉൽപന്നങ്ങൾ പരിശീലനം സിദ്ധിച്ച ഏജന്റുമാർ, കൂടാതെ മദ്ധ്യവർത്തികള് വഴിയും വാഗ്ദാനം ചെയുന്നു. അതിനാൽ തന്നെ ഇൻഷുറൻസ് ഏജന്റുമാർക്ക് മാർഗ്ഗനിര്ദ്ദേശകമാണ് ഈ രേഖ.

പിഎംഎൽഎയുമായി ബന്ധപ്പെട്ട കാര്യങ്ങള് റിസർവ് ബാങ്ക് ഓഫ് ഇൻഡ്യ (ആർബിഐ) നിയന്ത്രിക്കുന്ന എല്ലാ സാമ്പത്തിക സ്ഥാപനങ്ങൾക്കും ബാധകമാണ് - ബാങ്കിംഗ് റേഗുലേറ്റർ, സെക്യൂരിറ്റീസ് എക്സ്ചേഞ്ച് ബോർഡ് ഓഫ് ഇൻഡ്യ (സെബി) - മൂലധന വിപണിയുടെ നിയന്ത്രകൻ, ഇൻഷുറൻസ് റെഗുലേറ്ററി ഡെവലപ്മെന്റ് അതോറിറ്റി (ഐആർഡിഎ) – മറ്റെല്ലാ സാമ്പത്തിക മദ്ധ്യസ്ഥത്തിനുമുള്ള നിയന്ത്രകൻ.

2006 ആഗ്സ്റ്റ് 1 മുതല് ഐആർഡിഎ എല്ലാ ലൈഫ് ഇൻഷുറൻസ് കമ്പനികൾക്കും എഎംഎല് മാർഗ്ഗനിർദ്ദേശങ്ങള് പിന്തുടരുന്നത്

നിർബന്ധമാണെന്ന് തീരുമാനിച്ചു. ഇതിന്റെ മാർഗ്ഗനിർദ്ദേശങ്ങളില് ഉൾപ്പെടുന്നത് അതിന്റെ എഎംഎല് പരിപാടിയില് ഒരു വ്യക്തിയ്ക്ക് താഴെപ്പറയുന്ന കാര്യങ്ങൾ നിർബന്ധമായും ഉണ്ടായിരിക്കണം എന്നതാണ്:

- ആന്തരിക നയങ്ങൾ, നടപടികള്, നിയന്ത്രണങ്ങൾ മുതലായവ;
- പ്രാഥമിക കോംപ്ലിയൻസ് ഓഫീസറെ നിയമിക്കല്;
- എഎംഎൽ കണക്കിൽ ഇൻഷുറൻസ് ഏജന്റുമാർ/ജീവനക്കാര് എന്നിവരുടെ നിയമനവും പരിശീലനവും;
- ആന്തരിക ഓഡിറ്റ്/നിയന്ത്രണം.

| |
|---|
| നിങ്ങളു ബിസിനസ്സ് നടത്താൻ എഎംഎല് മാർഗ്ഗനിർദ്ദേശങ്ങള് പാലിച്ചിരിക്കണം എന്ന കാര്യത്തിൽ ബോധവാനായിരിക്കുക**.** |

- **നിങ്ങളുടെ ഉപഭോക്താവിനെ അറിയുക (കെവൈസി)**

ഉപഭോക്താക്കളുടെയും ഏജന്റുമാരുടെയും യഥാർത്ഥ പശ്ചാത്തലം മനസ്സിലാക്കിയാൽ ഇൻഷുറർമാര് ഒരു പരിധി വരെ വിജയിച്ചു കഴിഞ്ഞു. കക്ഷികൾ ആവശ്യമായ എല്ലാ വിവരങ്ങളും കൂടാതെ വിലാസ സാക്ഷ്യങ്ങളും നൽകുന്നുവെന്ന് ഏജന്റുമാര് ഉറപ്പാക്കുക. കെവൈസി പോളിസി പുറപ്പെടുവിക്കല്, ടോപ്പപ്പുകൾ കൂടാതെ ക്ലെയിം നൽകുന്ന സമയത്ത് എന്നിങ്ങനെ എല്ലാ ഘട്ടങ്ങളിലും നടത്തേണ്ടതുണ്ട്.

ഉപഭോക്താക്കളെക്കുറിച്ചുള്ള വിവരങ്ങൾ ഇൻഷുറൻസ് ഏജന്റുമാര് മറ്റ് ഏജന്റുമാര് തുടങ്ങി എല്ലാ ഉറവിടങ്ങളില് നിന്നും ശേഖരിക്കണം. മാത്രമല്ല അവരെ കേവൈസിയിൽ ഉറച്ചു നിൽക്കേണ്ടതിന്റെ ആവശ്യകതകളെക്കുറിച്ച് ഉപദേശം നൽകുകയും വേണം. ഐആർഡിഎ ഉപഭോക്താവിൽ നിന്ന് ഉപഭോക്തൃ വിവരങ്ങൾ, വീട്ട് വിലാസം, വരുമാന വിവരങ്ങൾ എന്നിവ ശേഖരിക്കാനായി ആവശ്യമുള്ള പ്രമാണങ്ങളുടെ ഒരു പട്ടിക പുറപ്പെടുവിച്ചിട്ടുണ്ട്. കൂടുതൽ വിവരങ്ങൾക്കായി അദ്ധ്യായം 9 ലെ ഇ4 വിഭാഗം കാണുക.

- **ഉപഭോക്താവിന്റെ അപകടസാദ്ധ്യതാ പ്രൊഫൈല്**

വ്യക്തികളുടെ ഐഡന്റിറ്റിയും കൂടാതെ വരുമാന ഉറവിടങ്ങളും പരിശോധിച്ചാൽ അവരെ അനായാസം **താഴ്ന്ന അപകടസാദ്ധ്യതയുള്ള ഉപഭോക്താക്ക**ളായി തരം തിരിക്കാൻ സാധിക്കും. എന്നിരുന്നാലും, ഇത്തരം കേസുകളിൽ പോലും, ഉപഭോക്താവിന്റെ പ്രൊഫൈൽ ശരിയായ നയങ്ങൾ/നിക്ഷേപങ്ങൾ എന്നിവയില് അധിഷ്ഠിതമാണെങ്കില് പോലും ആവശ്യമായ പ്രമാണങ്ങൾ വാങ്ങാന് ശരിയായ അന്വേഷണം നടത്തണം.

ഉയർന്ന വരുമാനമുള്ള വ്യക്തികള് (എച്ച്എൻഐ), രാഷ്ട്രീയ ബന്ധമുള്ള ആളുകൾ (പിഇപി), നോൺ-ഗവണ്മെന്റല് സംഘടനകള് (എൻജിഒ), വിദേശ ഇൻഡ്യക്കാര് (എൻആർഐ) എന്നിവരെല്ലാം **ഉയർന്ന അപകടസാദ്ധ്യതയുള്ള ഉപഭോക്താക്ക**ളായി തരം തിരിച്ചിരിക്കുന്നു.

ഉയർന്ന അപകടസാദ്ധ്യതയുള്ള ഉപഭോക്താക്കളോട് ഇടപെടുമ്പോള് ഇൻഷുറൻസ് ഏജന്റുമാര് വളരെയധികം ശ്രദ്ധിക്കണം. അത്തരം ആളുകളുടെ ശരിയായ സ്ക്രീനിംഗ് ഏജന്റ് നടത്തണം മാത്രമല്ല എല്ലാ കെവൈസികളും ശേഖരിക്കുകയും, എഎംഎൽ ആവശ്യകതകള് പാലിക്കുന്നുവെന്ന് ഉറപ്പുവരുത്തുകയും വേണം.

ഉദാഹരണം

താഴ്ന്ന അപകതസാദ്ധ്യതയുള്ള ഉപഭോക്താക്കളിൽ ഉൾക്കൊള്ളുന്നത്:

- ശമ്പളക്കാരായ ജോലിക്കാർ;
- സർക്കാര് ജീവനക്കാര്.

മുകളിൽ സൂചിപ്പിച്ചതല്ലാതെയുള്ള കൂടിയ അപകതസാദ്ധ്യതയുള്ള മറ്റ് ആളുകളിൽ താഴെപ്പറയുന്നവകൂടി ഉൾക്കൊള്ളുന്നു:

- പണം മാറുന്നവർ;
- ആയുധങ്ങളും സ്ഫോടകങ്ങളും വിൽക്കുന്നവര്;
- സിനിമാ താരങ്ങൾ;
- റിയൽ എസ്റ്റേറ്റില് പ്രവർത്തിക്കുന്നവര്;
- പുരവസ്തു വിൽപനക്കാര്.

- **ഫണ്ടുകളുടെ ഉറവിടങ്ങൾ**

ഉപഭോക്താവിന്റെ ഫണ്ടുകളുടെ (പ്രീമിയം അതിൽ നിന്നാണ് അടയ്ക്കുന്നത്) ഉറവിടം കൂടാതെ അവരുടെ മൂല്യവും അന്വേഷിക്കുകയും ശരിയായി രേഖപ്പെടുത്തുകയും വേണം. ഇൻഷുറൻസ് ഏജന്റുമാര് ഉറവിടത്തിനുള്ള ശരിയായ രേഖകൾ ഇൻഷുറൻസ് പരിരക്ഷ ഉറപ്പാക്കാൻ ആവശ്യമായതിനാല് ശേഖരിക്കണം. ഉപഭോക്താവ് ഒരു ഒറ്റ പ്രീമിയമാണ് അടയ്ക്കുന്നതെങ്കില്, ഫണ്ടിന്റെ ഉറവിടം തെളിയിക്കാനാവശ്യമായ രേഖകൾ ശേഖരിക്കണം.

- പ്രീമിയം രൂപയായി അടയ്ക്കാനുള്ള കഴിവ്

പ്രീമിയങ്ങൾ അടയ്ക്കുന്നത് നിയമാനുസൃതമായ ഉറവിടങ്ങളിൽ നിന്നാണ് അടയ്ക്കുന്നത് എന്ന് ഉറപ്പുവരുത്താൻ, രൂപ വഴി പ്രീമിയം അടയ്ക്കാനുള്ള പരിധി 50,000 ആയി നിശ്ചയിച്ചിരിക്കുന്നു, അധികമുള്ളത്

ചെക്ക്, ഡിഡി, ക്രെഡിറ്റ് കാർഡ് അല്ലെങ്കില് മറ്റെന്തെങ്കിലും ബാങ്കിടപാടുകള് വഴിയേ അടയ്ക്കാന് സാധിക്കൂ.

അതിനാൽ ഇൻഷുറൻസ് ഏജന്റുമാര് അവരുടെ കക്ഷികളെ എഎംഎല് വ്യവസ്ഥകളെക്കുറിച്ച് ബോധവൽക്കരിക്കേണ്ടതുണ്ട്.

ബോധവാനായിരിക്കുക:

- ഇക്കാര്യങ്ങളിൽ വീഴ്ചവരുത്തുകയും ഇൻഷുററർമാരെ എഎംഎലുമായി ബന്ധപ്പെട്ട അപകതസാദ്ധ്യതകളിലേയ്ക്ക് തള്ളിവിടുകയും ചെയ്യുന്ന ഏജന്റുമാരെ ഉടനടി തന്നെ പിരിച്ചുവിടുകയും അനന്തര നടപടികൾക്കായി വിവരം ഐആർഡിഎ യെ അറിയിക്കുകയും വേണം.
- പരാതി ഉയർത്തപ്പെട്ട ഏജന്റുമായി ബന്ധപ്പെട്ടുവരുന്ന എല്ലാ ഉപഭോക്താക്കൾക്കും സുരക്ഷിതമായ മുന്നോട്ടുപോക്ക് കമ്പനി ഉറപ്പുവരുത്തണം.

## എഫ് വിവാഹിതരായ സ്ത്രീകളുടെ സ്വത്ത് (എംഡബ്ല്യൂപി) നിയമം 1874

വിവാഹിതരായ സ്ത്രീകളുടെ സ്വത്ത് (എംഡബ്ല്യൂപി) നിയമം 1874 ല് വകുപ്പ് 6 പ്രകാരം ഒരു വിവാഹിതനായ പുരുഷന് അയാളുടെ ജീവിതകാലത്തുതന്നെ തന്റെ ഭാര്യയുടെയും കുട്ടികളുടെയും സുരക്ഷയ്ക്കായി എടുക്കേണ്ടതാണ്, അത് ലൈഫ് ഇൻഷോർഡിന്റെയും, അയാളുടെ ബന്ധുക്കളുടെയും, കോടതിയുടെ ഇടപെടലുകൾക്കും എല്ലാം അപ്പുറമാണ് ഇത്.

ബോധവാനായിരിക്കുക

വിശ്വാസം എന്നത് നിയമപരമായ കരാറാണ്, അതിൽ മൂന്ന് കക്ഷികള് ഇടപെട്ടിട്ടുണ്ട് – ഒരു ട്രസ്റ്റർ, ഒരു ട്രസ്റ്റീ കൂടാതെ ഒരു ബെനിഫിഷ്യറിയും.

- **ട്രസ്റ്റർ**, അല്ലെങ്കിൽ ട്രസ്റ്റിന്റെ ഉടമയാണ് വിശ്വാസം ഉണ്ടാക്കുന്ന വ്യക്തി.
- **ട്രസ്റ്റി**, ഒരു വ്യക്ത്യോ അല്ലെങ്കിൽ ഒരു സ്ഥാപനമോ ആകാം. അവർ സ്വത്തുക്കൾ, അവരിൽ നിക്ഷിപ്തമായ ഉടമസ്ഥത എന്നിവ നിർവ്വഹിക്കാന് ബാദ്ധ്യസ്ഥരാണ്.
- **ബെനിഫിഷ്യറി** എന്നാൽ ട്രസ്റ്റില് നിന്ന് ആനുകൂല്യങ്ങള് ലഭിക്കുന്ന വ്യക്തി/സ്ഥാപനമാണ്.

നിർദ്ദേശകന് നിയമിക്കാം:

- ട്രസ്റ്റിയായി ഒരു വ്യക്തി (അയാൾ പരാജയപ്പെട്ടാല് മറ്റൊരാൾ);
- ട്രസ്റ്റികളായി രണ്ടോ അതിലധികമോ വ്യക്തികൾ (അല്ലെങ്കിൽ അവരിൽ ബാക്കിയുള്ളയാള്);
- ട്രസ്റ്റിയുടെ ഇടപാട് നടത്തുന്ന ബാങ്ക് പോലുള്ള ഒരു കോർപ്പറേറ്റ് ട്രസ്റ്റി.

ട്രസ്റ്റി പ്രായപൂർത്തിയായ (18 വയസ്സും അതിന് മുകളിലും) ഒരാളായിരിക്കണം, കൂടാതെ ട്രസ്റ്റിയായി പ്രവർത്തിക്കാനുള്ള അവരുടെ സമ്മതപത്രം പോളിസിയുടെ കൂടെ എന്റോഴ്സ്മെന്റായി സമർപ്പിക്കേണ്ടതുണ്ട്. ഒരു ട്രസ്റ്റിയെ നിയമിച്ചിട്ടില്ലെങ്കിലോ അല്ലേങ്കിൽ ജീവിച്ചിരിക്കുന്നില്ലെങ്കിലോ ഒരു സർക്കാര് സ്ഥാപനം ട്രസ്റ്റികളെ ഔദ്യോഗികമായി നിയമിക്കണം.

ലൈഫ് ഇൻഷുറൻസ് പോളിസിയുടെ ബെനിഫിഷ്യറികള് എംഡബ്ല്യൂപി നിയമത്താൽ ബാധിക്കപ്പെടുന്നത്:

- ഭാര്യ ഒറ്റയ്ക്ക്; അല്ലെങ്കിൽ
- ഒന്നോ അതിലധികമോ കുട്ടികൾ; അല്ലെങ്കിൽ
- ഭാര്യയോ അല്ലെങ്കില് ഒന്നോ അതിലധികമോ കുട്ടികളോ.

ഈ നിയമത്തിന്റെ പ്രധാന പ്രത്യേകതകള്:

- നിർദ്ദേശകന് വിവാഹിതനോ, വേർപിരിഞ്ഞതോ, വിഭാര്യനോ ആയിരിക്കണം. അദ്ദേഹത്തിന്റെ ഭാര്യയോ മക്കളോ മാത്രമേ ബെനിഫിഷ്യറികളാകാവൂ. കുട്ടികളിൽ ആണും പെണ്ണുമാകാം. ഹിന്ദുക്കളുടെ കാര്യത്തില് ദത്തെടുത്ത കുട്ടികളെയും ഇതില് ഉൾപ്പെടുത്താം.
- പോളിസി അയാളുടെ സ്വന്തം ജീവിതത്തെയാവണം.
- ഓരോ പോളിസിയും വേറിട്ട ട്രസ്റ്റായി നിലനിൽക്കും.
- പോളിസി ഒരു ട്രസ്റ്റായി ഇൻഷുര് ചെയ്തിരിക്കുന്നു. അദ്ദേഹത്തിന്റെ ഭാര്യയോ അല്ലെങ്കിൽ കുട്ടിയേയൊ (18 വയസ്സിന് മുകളിലാണെങ്കില്) ട്രസ്റ്റിയായി നിയമിക്കാവുന്നതാണ്. ഏതൊരു സമയത്തും വ്യക്തിയ്ക്ക് ട്രസ്റ്റിയെ മാറ്റി മറ്റൊരാളെ നിയമിക്കാൻ സാധിക്കും.
- രണ്ടോ അതിലധികമോ ട്രസ്റ്റികളെ നിയമിക്കാവുന്നതാണ്.

- എംഡബ്ല്യൂപി നിയമത്തിനു കീഴിലുള്ള ഇൻഷുറൻസ് കോടതി വിധികൾ, നികുതികൾ, കടക്കാര് എന്നല്ല, എന്തിന് ലൈഫ് ഇൻഷേൎഡിനുപോലും പോളിസിയില് യാതൊരു അവകാശവുമില്ല.
- ഒരു ക്ലെയിം ഉണ്ടാകുമ്പോൾ, പോളിസിയ്ക്കനുസരിച്ച് പോളിസി തുക ട്രസ്റ്റിയ്ക്ക് നൽകുന്നതാണ്. ട്രസ്റ്റികൾ പോളിസി തുക ബെനിഫിഷ്യറികൾക്കുവേണ്ടി സൂക്ഷിക്കും.
- പോളിസിയില് ഭേദഗതികള് വരുത്താനോ അടിയറവെയ്ക്കാനോ സാധിക്കില്ല.
- ഇത് കടക്കാരെ വഞ്ചിക്കാൻ ഉണ്ടാക്കിയതാവരുത്.
- നാമനിർദ്ദേശവും അസൈൻമെന്റും അനുവദനീയമല്ല.

**മൊഹമ്മദന് നിയമം**

ഒരു നോണ്-മൊഹമ്മദൻ നിർദ്ദേശകന് തുല്യമോ തുല്യമല്ലാത്തതോ ആയ പങ്കുകൾ ബെനിഫിഷ്യറികൾക്കായി തീരുമാനിക്കാവുന്നതാണ്. അത് സംയുക്തമായോ അല്ലെങ്കിൽ ജീവിച്ചിരിക്കുന്നവർക്കോ അനുഭവിക്കാവുന്നതാണ് കൂടാതെ അതിന്റെ തരം നിശ്ചയിക്കുകയും ചെയ്യാം.

മൊഹമ്മദൻ പ്രൊപ്പോസർമാർ, ബെനിഫിഷ്യറികളെ 'പെഴ്സോണ ദേസിങ്ത' എന്ന് നാമകരണം ചെയ്തിരിക്കണം. ഭാര്യയുടെയും കുട്ടികളുടെയും പേര് പോളിസിയിൽ വ്യക്തമാക്കിയിരിക്കണം കൂടാതെ പോളിസി എടുക്കുമ്പൊള് ജീവിച്ചിരിക്കുന്നവരുമാകണം. രണ്ടിലധികം ബെനിഫിഷ്യറികളുണ്ടെങ്കില്, ഓരോ ബെനിഫിഷ്യറിയ്ക്കും ഉള്ള പങ്ക് വ്യക്തമാക്കിയിരിക്കണം.

**ചോദ്യം 12.2**

എജന്റിന് പ്രസക്തമായ എഎംഎല്ലിന്റെ പ്രധാന വശങ്ങള് എന്തൊക്കെയാണ്?

## ജി മറ്റ് പ്രധാന നിയനിർമ്മാണം

ഈ വിഭാഗത്തിലുള്ള ഒരു ഇൻഷുറൻസ് ഏജന്റ് എന്ന നിലയില് നമുക്ക് പ്രധാനപ്പെട്ട നിയമനിർമ്മാനങ്ങളും വകുപ്പുകളും ഈ ഭാഗത്ത് പരിശോധിക്കാം.

**ജി1 1998 ലെ റിഡ്രസ്സല് ഓഫ് പബ്ലിക് ഗ്രിവൻസ് നിയമങ്ങള്**

1998 ലെ റിഡ്രസ്സല് ഓഫ് പബ്ലിക് ഗ്രിവൻസ് നിയമങ്ങളെ അടിസ്ഥാനപ്പെടുത്തിയാണ് ഗവേണിംഗ് ബോഡി ഓഫ് ഇൻഷുറൻസ് കൌൺസില് (ജിബിഐഎസി) സ്ഥാപിതമായിട്ടുള്ളത്. ഇത് ഇൻസ്റ്റിറ്റ്യൂഷന് ഓഫ് ഇൻഷുറൻസ് ഓംബുഡ്സ്മാന് ഇന് ഇൻഡ്യ സ്ഥാപിക്കാനായിരുന്നു.

**ബോധവാനായിരിക്കുക**

ജിബിഐഎസി ഓരോ ഇൻഷുറൻസ് കമ്പനികളില് നിന്നുമുള്ള പ്രതിനിധികൾ ഉൾക്കൊള്ളുന്നതാണ്. പ്രതിനിധി കമ്പനിയുടെ ചെയർമാനോ അല്ലെങ്കില് മാനേജിംഗ് ഡയറക്റ്ററോ അല്ലെങ്കില് കമ്പനിയുടെ ഡയറക്റ്ററോ ആയിരിക്കണം.

ആർപിജി താഴെപ്പറയുന്നവയുമായി ബന്ധപ്പെട്ട നിയമങ്ങള് ഉൾക്കൊള്ളുന്നു:

- ഇൻഷുറൻസ് ഓംബുഡ്സ്മാനെ നിയമിക്കലും ഓഫീസ് നിബന്ധനയും;
- ഓംബുഡ്സ്മാൻ കേന്ദ്രത്തിന്റെ സ്റ്റാഫിംഗും കൂടാതെ ഭരണവും;
- ഓംബുഡ്സ്മാന്റെ ശക്തികള്;
- പരാതികൾ ഉയർത്തുന്ന രീതിയും കൂടാതെ അതിന്റെ പരിഹാരവും ഓംബുഡ്സ്മാൻ അനുവദിക്കുക 'ശുപാര്ശ' അല്ലെങ്കിൽ 'അവാർഡ്' എന്ന നിലയിലായിരിക്കും.

നമുക്ക് അദ്ധ്യായം 14 ല് ഇൻഷുറൻസ് ഓംബുഡ്സ്മാന്റെ പങ്കിനെക്കുറിച്ചും എങ്ങനെയാണ് അദ്ദേഹം പോളിസി ഉടമകളുടെ താൽപര്യം സംരക്ഷിക്കുന്നത്, കൂടാതെ ഒരു ഏജന്റിന്റെ പങ്ക് എന്തൊക്കെയാണ് എന്നുമുള്ള കാര്യങ്ങളിലേയ്ക്ക് മടങ്ങിവരും.

**ജി2 ഇൻഷുറൻസ് റെഗുലേറ്ററി അന്റ് ഡെവലപ്മെന്റ് അതോറിറ്റി (ഇൻഷുറൻസ് അഡ്വർടൈമെന്റ് അന്റ് ഡിസ്ക്ലോഷർ) നിയമം 2000**

ഐആർഡിഎ (ഇൻഷുറൻസ് അഡ്വർടൈമെന്റ് അന്റ് ഡിസ്ക്ലോഷര്) **നിയമം 2000** 'ഇൻഷുറൻസ് പരസ്യത്തെ' നിർവചിക്കുന്നത് താഴെപ്പറയും പ്രകാരമാണ്:

> പോളിസിയുമായി ബന്ധപ്പെട്ട നേരിട്ടോ അല്ലാതെയോ ഉള്ള ഏത് ആശയവിനിമയവും പബ്ലിക്കിൽ നിന്നുള്ള അംഗങ്ങളെ ആസ്പദമാക്കി പോളിസിയുടെ വിൽപന അല്ലെങ്കില് കലാശിക്കും. അച്ചടിക്കുകയും പ്രസിദ്ധീകരിക്കുകയും ചെയ്ത എല്ലാം ഇതിൽ പൊതു

വിവരങ്ങൾക്കായുള്ള എല്ലാ അച്ചടി/ഇലക്ട്രോണിക് മാദ്ധ്യമങ്ങളും ഉൾപ്പെടും.

താഴെപ്പറയുന്ന കാര്യങ്ങളുമായി ബന്ധപ്പെട്ട തെറ്റായതും തെറ്റിദ്ധരിപ്പിക്കുന്നതുമായ പരസ്യങ്ങൾ അനുവദനീയമല്ല:

- ഒരു ഇൻഷുറൻസ് ഉൽപന്നമാണെന്ന് മനസ്സിലാക്കാനാകാത്ത പരസ്യങ്ങൾ;
- പോളിസിയുടെ കഴിവിലും കവിഞ്ഞ അവകാശവാദങ്ങള് നടത്തുക;
- പോളിസി പതിപ്പുകളുമായി ചേരാത്ത ആനുകൂല്യങ്ങൾ വിശദീകരിക്കുക.

**ഇൻഷുറൻസ് ഏജന്റുമാര് നൽകുന്ന പരസ്യങ്ങള്**
ഇൻഷുററെ ബാധിക്കുന്ന പരസ്യങ്ങൾ, പുറപ്പെടുവിക്കുന്നതിനുമുമ്പ് ഇൻഷുററുടെ അനുമതി രേഖയായി ലഭിച്ചതിനുശേഷം മാത്രമേ പ്രസിദ്ധീകരിക്കാവൂ. പരസ്യം തെറ്റിദ്ധരിപ്പിക്കുന്നതോ അല്ലെങ്കിൽ കുഴപ്പമുള്ളതോ അല്ല എന്ന് അനുമതി നൽകുന്നതിനു മുമ്പ് ഉറപ്പാക്കണം.

പരസ്യം താഴെ പറയുന്നതുപ്രകാരമുള്ളതാണെങ്കിൽ മുൻകൂട്ടിയുള്ള അനുമതിയുടെ ആവശ്യമില്ല:

- ഇൻഷുററ് തന്നെ വികസിപ്പിച്ചതും ഏജന്റുമാർക്ക് നൽകിയിട്ടുള്ളതുമാണെങ്കില്;
- ഏജന്റിന്റെ പേര്, ലോഗൊ, വിലാസം കൂടാതെ ഫോൺ നമ്പര് എന്നിവമാത്രമുള്ളതാണെങ്കിൽ;
- അനുഭവം, സേവനം, യോഗ്യതകൾ എന്നിവയുമായി ബന്ധപ്പെട്ത കാര്യങ്ങള് മാത്രമുൾക്കൊള്ളുകയും, പ്രത്യേക പോളിസികൾ, ആനുകൂല്യങ്ങള്, ചിലവുകൾ എന്നിവയുമായി ബന്ധപ്പെട്ട കാര്യങ്ങൾ പരാമർശിക്കാതെയുമിരിക്കുക.

**ജി3 2002 ലെ ഇൻഷുറൻസ് റെഗുലേറ്ററി അന്റ് ഡെവലപ്പ്മെന്റ് അതോറിറ്റി (പ്രീമിയം സ്വീകരിക്കുന്ന രീതി) നിയമങ്ങള്**

താഴെ പറയും പ്രകാരം പോളിസി ഉടമകൾക്ക് പ്രീമിയം ഒരു ഇൻഷുറൻസ് പോളിസി വാങ്ങാന് എങ്ങനെ സാധിക്കും എന്ന് നിർവചിക്കുക:

- രൂപ;

- ചെക്കുകൾ, ഡിഡി, പേ ഓർഡറുകൾ, ഇൻഡ്യയിലുള്ള ഒരു ഷെഡ്യൂൾഡ് ബാങ്കില് നിന്നുള്ള ബാങ്കേഴ്സ് ചെക്ക് മുതലായ പകരം രീതികൾ;
- തപാൽ മണി ഓർഡറുകള്;
- പോളിസി ഉടമയുടെ പേരിലുള്ള ക്രെഡിറ്റ്, ഡെബിറ്റ് കാർഡ്;
- ബാങ്ക് ഗാരണ്ടി അല്ലെങ്കിൽ രൂപയുടെ നിക്ഷേപങ്ങള്;
- ഇന്റർനെറ്റ്;
- ഇ-ട്രാൻസ്ഫര്;
- ഡയ്റക്റ്റ് ക്രെഡിറ്റ് നിര്ദ്ദേശകന്റെയും പോളിസി ഉടമയുടെയും നേരിട്ടുള്ള നിർദ്ദേശങ്ങള് പ്രകാരം
- സമയാസമയങ്ങളിൽ ഐആർഡിഎ അംഗീകരിച്ച മറ്റേതെങ്കിലും രീതിയിൽ.

പേയ്മെന്റ് ഉപകരണം വഴി നിർദ്ദേശകന് പേയ്മെന്റ് നടത്തുമ്പോള് ഇൻഷുറർക്ക് കളക്ഷന് ചാർജുകള് കൈപ്പറ്റാവുന്നതാണ്.

**ബോധവാനായിരിക്കുക**

പ്രീമിയം രൂപയായി അടച്ചതല്ലാത്ത എല്ലാ മാർഗ്ഗങ്ങളിലും അപകതസാദ്ധ്യത ഇൻഷുറര് പ്രീമിയം കൈപ്പറ്റിയതിനുശേഷം മാത്രമേ വെളിപ്പെടുകയുള്ളൂ.

### ജി4 2002 ലെ ഇൻഷുറൻസ് റെഗുലേറ്ററി അന്റ് ഡെവലപ്പ്മെന്റ് അതോറിറ്റി (കോർപ്പറേറ്റ് ഏജന്റുമാരുടെ ലൈസൻസിംഗ്) നിയമങ്ങള്

2002 ഒക്റ്റോബറില് ഐആർഡിഎ, ഇൻഷുറൻസ് റെഗുലേറ്ററി അന്റ് ഡെവലപ്പ്മെന്റ് അതോറിറ്റി (കോർപ്പറേറ്റ് ഏജന്റുമാരുടെ ലൈസൻസിംഗ്) നിയമങ്ങള് പ്രകാരം ഒരു ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. ഈ നിയമങ്ങൾ ഇത് മറ്റ് കാര്യങ്ങളുമായി ബന്ധപ്പെട്ട ലൈസൻസിംഗുമായി ബന്ധപ്പെട്ടിരിക്കുന്നു, അതായത് കോർപ്പറേറ്റ് ഏജന്റുകളായ കമ്പനികൾ, സ്ഥാപനങ്ങൾ, ബാങ്കുകൾ, സഹകരണ സ്ഥാപനങ്ങൾ മുതലായയില് വ്യക്തികളായിരിക്കെത്തന്നെ ഏജന്റുമാരും ആകാന് കഴിയും.

### ജി5 ഫോറിൻ എക്സ്ചേഞ്ച് മാനെജ്മെന്റ് (ഇൻഷുറൻസ്) നിയമങ്ങൾ 2000

ഈ നിയമങ്ങൾ, റിസർവ് ബാങ്ക് ഓഫ് ഇൻഡ്യ അറിയിച്ചതുപ്രകാരം, ഇൻഡ്യയ്ക്ക് പുറത്തുള്ള ലൈഫ്/ജനറൽ ഇൻഷുറൻസുകള് എടുക്കാന് വിദേശ ഇൻഡ്യക്കാർക്ക് സാധിക്കുകയില്ല.

2002 ലേ ഫോറിന് എക്സ്ചേഞ്ച് മാനെജ്മെന്റ് (ഇൻഷുറൻസ്) (ഭേദഗതി) നിയമങ്ങൾ താഴെപ്പറയുന്നവ കൂട്ടിച്ചേർത്തു: 'പ്രത്യേക സാമ്പത്തിക മേഖലയിൽ ഉള്ള വിദേശ ഇൻഡ്യക്കാരെ ജനറല് ഇൻഷുറൻസ് എടുക്കാം എന്ന നിലയിലേയ്ക്ക് മാറ്റി'.

**ജി6 2000 ലെ ഫോറിൻ എക്സ്ചേഞ്ച് മാനെജ്മെന്റ് (ഇൻഷുറൻസ്) നിയമങ്ങൾ - ലൈഫ് ഇൻഷുറൻസ് മെമ്മോറാണ്ടം (എൽഐഎം)**

ലൈഫ് ഇൻഷുറൻസ് പോളിസികള് രൂപയിലും വിദേശ ഇൻഡ്യക്കാർക്ക് വിദേശ കറൻസികളിലും പ്രീമിയം അടയ്ക്കാമെന്നും വിദേശ വിനിമയ നിരക്ക് പ്രശ്നങ്ങൾ തിരുത്തുകയും ചെയ്തു.

- **പോളിസി പുറപ്പെടുവിക്കലും പ്രീമിയം ശേഖരിക്കലും** – ഇൻഡ്യന് ദേശീയതയുള്ള വ്യക്തികൾ, അവർക്ക് വിദേശ ബാങ്കുകളിലുള്ള പണം വിദേശ കറൻസിയിൽ പുറപ്പെടുവിക്കുകയാണെങ്കിൽ, അല്ലെങ്കിൽ ഇൻഡ്യയിലുള്ള അംഗീകൃത ഡീലർമാര് വഴി കൈമാറുകയാണെങ്കിലും.
- വ്യക്തികളുടെ ഓഫീസ് ഇൻഡ്യയിലോ വിദേശത്തോ ആയാലും, വിദേശ ഇൻഡ്യക്കാരാണെങ്കില്, ലൈഫ് ഇൻഷുറൻസ് പോളിസിയ്ക്കാവശ്യമായ തുക വിദേശ കറൻസിയിലാണ് കണക്കാക്കുക അല്ലെങ്കിൽ വിദേശത്തുനിന്ന് ലഭിച്ച കറൻസിയായി അല്ലെങ്കിൽ എൻആർഇ/എഫ്സിഎൻആര് അക്കൌണ്ടുകള് വഴി ഇൻഡ്യയിലുള്ള അവരുടെ ബന്ധുക്കൾക്ക് അയയ്ക്കുക.
- **ക്ലെയിം ഒത്തുതീർപ്പ്** – ആവശ്യക്കാരൻ ഇൻഡ്യയ്ക്ക് പുറത്തുള്ളയാളാണെങ്കിൽ, രൂപയ്ക്ക് ലൈഫ് ഇൻഷുറൻസ് പോളിസികൾ, വിദേശ തുക പ്രീമിയം അടയ്ക്കാനുള്ളതുമാത്രം. നോൺ റെസിഡന്റ് ബെനിഫിഷ്യറികളുടെ കാര്യത്തില്, ഒത്തുതീർപ്പ് അവരുടെ വിദേശ കറൻസിയില് എൻആർഇ/എഫ്സിഎൻആര് അക്കൌണ്ടുകളിലേയ്ക്ക് കൈമാറുക വഴി ചെയ്യാവുന്നതാണ്.
- **വിദേശ ഏജന്റിനുള്ള കമ്മീഷന്** – സ്ഥിരമായി ഇൻഡ്യയ്ക്ക് പുറത്തുള്ള ഏജന്റുമാർക്ക് കമ്മീഷന് നൽകാവുന്നതാണ്. ആർക്കുവേണ്ടി ഭാഗകമായി ജോലി ചെയ്താലും പ്രീമിയം ഇൻഡ്യന് രൂപയില് തന്നെ അടയ്ക്കണം, കമ്മീഷനും ഇൻഡ്യന് രൂപയിലായിരിക്കും.

**ജി7 1986 ലെ ഉപഭോക്തൃ സംരക്ഷണ നിയമം (സിഒപിഎ)**

- ഈ നിയമപ്രകാരം, ഒരു ഉപഭോക്താവ്, ഒരു വ്യക്തിയ്ക്ക് അവർക്ക് ലഭിച്ച സേവനം തൃപ്തികരമല്ലെങ്കില് വിവിധതരം റിഡ്രസ്സലുകൾ നടത്താവുന്നതാണ്.

- സിഒപിഎ ഇൻഷുറൻസ് വ്യവസായത്തിനും ബാധകമാണ്.

- പോളിസി ഉടമകൾക്ക് തെറ്റായ കച്ചവടം കൂതാതെ ഇൻഷുറര് ഏജന്റ് എന്നിവരില് നിന്നുള്ള അതൃപ്തികരമായ സേവനം എന്നിവയ്ക്കെതിരെ പരാതിപ്പെടാവുന്നതാണ്.

- ഇൻഷുറൻസുമായി ബന്ധപ്പെട്ട ഭൂരിഭാഗം തർക്കങ്ങളും റേപ്യുഡിഷൻ കൂടാതെ ക്ലെയിമുകളിലുണ്ടാകുന്ന താമസം എന്നിവ മൂലമാണ്.

ഉപഭോക്തൃ തർക്കങ്ങള് തീര്ക്കാനുള്ള ഫോറങ്ങള് എല്ലാ ജില്ലകളിലും സംസ്ഥാനങ്ങളിലും സ്ഥാപിതമായിട്ടുണ്ട്. ജില്ലയിലുള്ള ഫോറം 20,00,000 രൂപ വരെയുള്ള തർക്കങ്ങള് കേൾക്കും, കൂടാതെ സംസ്ഥാനതലത്തിലുള്ള ഫോറം 100,00,000 രൂപയുടെ തർക്കങ്ങളും കേൾക്കും. ദേശീയ കമ്മീഷൻ സംസ്ഥാനതലത്തിലും പരിഹരിക്കപ്പെടാത്തതും സംസ്ഥാന ഫോറത്തിനുനേരെ പരാതിയുള്ളതുമായ തർക്കങ്ങളില് ഇടപെടും.

താഴെപ്പറയുന്നവയാണ് അടിസ്ഥാന ഉപഭോക്തൃ അവകാശങ്ങള്:

- വസ്തുക്കളും സേവനങ്ങളും വിൽക്കുന്നതുമായി ബന്ധപ്പെട്ട സംരക്ഷനത്തിനുള്ള അവകാശം;

- വിവരാവകാശം;

- സുരക്ഷിതമായിരിക്കാനുള്ള അവകാശം;

- തിരഞ്ഞെടുക്കാനുള്ള അവകാശം;

- കേൾക്കാനുള്ള അവകാശം;

- റിഡ്രസ്സൽ തേടാനുള്ള അവകാശം; കൂടാതെ

- ഉപഭോക്തൃ വിദ്യാഭ്യാസത്തിനുള്ള അവകാശം

നടപടി ഉണ്ടാകാതായിട്ടും രണ്ട് വർഷത്തിനകം പരാതികള് ഫയല് ചെയ്യണം, അല്ലാത്തപക്ഷം അതിന് യോഗ്യതയുള്ള ഉപഭോക്തൃ ഫോറത്തിന്റെ അനുമതി ആവശ്യമാണ്.

എല്ലാ ഇൻഷുറൻസ് ഉടമകളും മറ്റൊരുപാട് മുൻകരുതലുകള് എടുത്തിട്ടുണ്ട്, ഐആർഡിഎ ഉൾപ്പെടെ പോളിസി ഉടമകളുടെ

സംരക്ഷനത്തിന്. നമ്മൾ ഉപഭോക്തൃ സംരക്ഷണത്തെക്കുറിച്ച് വിശദമായി അദ്ധ്യായം 14 ല് ചർച്ച ചെയ്യും.

| പ്രധാന കാര്യങ്ങൾ |
| --- |
| • ഇൻഷുറൻസ് ബിസിനസ്സുമായി ബന്ധപ്പെട്ട് ഇൻഡ്യയില് നടന്ന ഏറ്റവും പ്രധാനപ്പെട്ട നിയമനിർമ്മാണമാണ് 1938 ലേത്. |
| • ലൈസൻസുള്ള ഏജന്റുമാര് അല്ലെങ്കില് ഒരു ഇൻഷുറൻസ് മദ്ധ്യവർത്തി എന്നിവരെക്കൂടാതെ ഇൻഡ്യയില് ഇൻഷുറൻസ് ബിസിനസ്സ് ഏതൊരു വ്യക്തിയ്ക്കും നടത്താനും പ്രതിഫലം നേടാനുമുള്ളതുമായ ലായകത്വത്തിന്റെ നിരോധനം 1938 ലേ നിയമത്തിലെ വിഭാഗം 40 (1) പ്രകാരം. |
| • ഒരു പോളിസി ആരംഭിക്കാനോ അത് പുതുക്കാനോ ഏതെങ്കിലും വ്യക്തിയ്ക്ക് 1938 ലെ ഇൻഷുറൻസ് നിയമത്തിലെ വിഭാഗം 41(1) പ്രകാരം ഏതെങ്കിലും ഏജൻറോ/മദ്ധ്യവർത്തിയോ കമ്മീഷനോ/പ്രീമിയം റിബൈറ്റോ നൽകുന്നത് നിരോധിച്ചിരിക്കുന്നു. ഇൻഷുറൻസ് എടുക്കാനായി റിബൈറ്റ് വാഗ്ദാനങ്ങൾ സ്വീകരിക്കുന്നതും തെറ്റാണ്. |
| • 1938 ലെ ഇൻഷുറൻസ് നിയമത്തിലെ വിഭാഗം 42 പ്രകാരം ഒരു വ്യക്തിയ്ക്കോ കമ്പനിയ്ക്കോ യഥാക്രമം ഒരു ലൈഫ് ഇൻഷുറൻസ് ഏജൻറായോ ഇൻഷുറൻസ് ബിസിനസ്സ് നടത്താനോ ലൈസൻസ് നൽകുന്നത് വ്യവസ്ഥകളാൽ നിയന്ത്രിച്ചിരിക്കുന്നു. |
| • 1938 ലെ ഇൻഷുറൻസ് നിയമം വിഭാഗം 44 പ്രകാരം, പുതുക്കൽ കമ്മീഷൻ ഒരു ഏജൻറിനും നിഷേധിക്കാനാകില്ല, അത് കരാർ പ്രകാരം ലൈഫ് ഇൻഷുറൻസ് ബിസിനസ്സിലെ നിയമമാണ്. |
| • ഇൻഡ്യന് ലൈഫ് അഷ്വറൻസ് കമ്പനി നിയമം 1912 ൽ പാസായപ്പോഴാണ് ഇൻഡ്യയില് ആദ്യമായി നിയമപരമായി ലൈഫ് ഇൻഷുറൻസ് വ്യവസായത്തിന് മാനദണ്ഡങ്ങളുണ്ടായത്. |
| • ലൈഫ് ഇൻഷുറൻസ് കോർപ്പറേഷൻ നിയമം 1956 പാസായത് 1956 ജൂൺ 19 നാണ്, അതിനെത്തുടർന്നുതന്നെ 1956 സെപ്റ്റംബർ 1 ന് ലൈഫ് ഇൻഷുറൻസ് കോർപ്പറേഷൻ (എൽഐസി) സ്ഥാപിതമായി. |
| • 200 ൽ അധികം ലൈഫ് ഇൻഷുറൻസ് കമ്പനികളെ കൂട്ടിയോജിപ്പിച്ചാണ് എൽഐസി രൂപീകരിച്ചത്. |
| • ഐആർഡിഎ നിയമം 1999 പ്രകാരം ഇൻഷുറൻസ് വ്യവസായത്തിന്റെ നിയന്ത്രണവും പ്രോത്സാഹനവുമാണ് വർദ്ധിപ്പിച്ചത്. |
| • ഐആർഡിഎ ഇൻഷുറൻസിലെ നിയന്ത്രകൻ ആയി മാറി. അതിൽ രേജിസ്ട്രേഷൻ, ലൈസൻസിംഗ്, വാങ്ങൽ എന്നിവയുമായി ബന്ധപ്പെട്ട നിയമങ്ങൾ പോളിസി ഉടമകളുടെ താൽപര്യപ്രകാരം നടത്തുന്നു. |
| • പണം വെളുപ്പിക്കൽ എന്നത് സാമ്പത്തിക മേഖലയിലെ പണം ഉറവിടം പുറത്തറിയിക്കാതെ നിയമപരമായി സമ്പാദിച്ചതാണ് എന്ന് തോന്നിപ്പിക്കുന്ന വിധമാണ്. |
| • ഇൻഷുറൻസ് ഏജന്റുമാര് അവരുടെ കക്ഷികളെ എഎംഎല് വ്യവസ്ഥകളെക്കുറിച്ച് ബോധവൽക്കരിക്കേണ്ടതുണ്ട്. |
| • വിവാഹിതരായ സ്ത്രീകളുടെ സ്വത്ത് (എംഡബ്ല്യൂപി) നിയമം 1874 ല് വകുപ്പ് 6 പ്രകാരം ഒരു വിവാഹിതനായ പുരുഷൻ അയാളുടെ |

| | |
|---|---|
| | ജീവിതകാലത്തുതന്നെ തൻറെ ഭാര്യയുടെയും കുട്ടികളുടെയും സുരക്ഷയ്ക്കായി എടുക്കേണ്ടതാണ്, അത് ലൈഫ് ഇൻഷ്വേർഡിൻറെയും, അയാളുടെ ബന്ധുക്കളുടെയും, കോടതിയുടെ ഇടപെടലുകൾക്കും എല്ലാം അപ്പുറമാണ് ഇത്. |
| • | നിർദ്ദേശകൻ വിവാഹിതനോ, വേർപിരിഞ്ഞതോ, വിഭാര്യനോ ആയിരിക്കണം. അദ്ദേഹത്തിൻറെ ഭാര്യയോ മക്കളോ മാത്രമേ ബെനിഫിഷ്യറികളാകാവൂ. കുട്ടികളിൽ ആണും പെണ്ണുമാകാം. ഹിന്ദുക്കളുടെ കാര്യത്തിൽ ദത്തെടുത്ത കുട്ടികളെയും ഇതിൽ ഉൾപ്പെടുത്താം. |
| • | മറ്റ് നിയമനിർമ്മാണങ്ങൾ: |
| • | 1998 ലെ റിഡ്രസ്സൽ ഓഫ് പബ്ലിക് ഗ്രിവൻസ് നിയമങ്ങളെ അടിസ്ഥാനപ്പെടുത്തിയാണ് ഗവേണിംഗ് ബോഡി ഓഫ് ഇൻഷുറൻസ് കൌൺസിൽ (ജിബിഐഎസി) സ്ഥാപിതമായിട്ടുള്ളത്. ഇത് ഇൻസ്റ്റിറ്റ്യൂഷൻ ഓഫ് ഇൻഷുറൻസ് ഓംബുഡ്സ്മാൻ ഇൻ ഇൻഡ്യ സ്ഥാപിക്കാനായിരുന്നു. |
| • | ഐആർഡിഎ (ഇൻഷുറൻസ് അഡ്വർടൈമെൻറ് അൻറ് ഡിസ്ക്ലോഷർ) നിയമം 2000 പ്രകാരം തെറ്റായ പരസ്യങ്ങളും കൂടാതെ ഇൻഷുറൻസ് കമ്പനി ഇൻഷുറൻസ് ഏജൻറ് എന്നിവർ നടത്തുന്ന പരസ്യങ്ങളെയും വിലയിരുത്തും. |
| • | 2002 ലെ ഇൻഷുറൻസ് റെഗുലേറ്ററി അൻറ് ഡെവലപ്പ്മെൻറ് അതോറിറ്റി (പ്രീമിയം സ്വീകരിക്കുന്ന രീതി) നിയമങ്ങൾ പ്രകാരം പ്രീമിയം പോളിസിയിലെയ്ക്ക് എങ്ങനെ അടയ്ക്കാമെന്ന് നിർവചിച്ചിരിക്കുന്നു |
| • | 2002 ലെ ഇൻഷുറൻസ് റെഗുലേറ്ററി അൻറ് ഡെവലപ്പ്മെൻറ് അതോറിറ്റി (കോർപ്പറേറ്റ് ഏജൻറുമാരുടെ ലൈസൻസിംഗ്) നിയമങ്ങൾ ലൈസൻസുമായും അതുമായി ബന്ധപ്പെട്ട മറ്റ് കോർപ്പറേറ്റ് ഏജന്റ് ഒരു വ്യക്തിയല്ല, എന്നിരുന്നാലും ഏജന്റുമാരാകാന് സാധിക്കും. |
| • <br>• <br><br><br>• <br><br><br><br>• | ഫോറിൻ എക്സ്ചേഞ്ച് മാനെജ്മെൻറ് (ഇൻഷുറൻസ്) നിയമങ്ങൾ 2000<br>പ്രകാരം, റിസർവ് ബാങ്ക് ഓഫ് ഇൻഡ്യ അറിയിച്ചതുപ്രകാരം, ഇൻഡ്യയ്ക്ക് പുറത്തുള്ള ലൈഫ്/ജനറൽ ഇൻഷുറൻസുകൾ എടുക്കാൻ വിദേശ ഇൻഡ്യക്കാര്ക്ക് സാധിക്കുകയില്ല.<br>ലൈഫ് ഇൻഷുറൻസ് മെമ്മോറാണ്ടം (എൽഐഎം) പ്രകാരം ലൈഫ് ഇൻഷുറൻസ് പോളിസികൾ രൂപയിലും വിദേശ ഇൻഡ്യക്കാര്ക്ക് വിദേശ കറൻസികളിലും പ്രീമിയം അടയ്ക്കാമെന്നും വിദേശ വിനിമയ നിരക്ക് പ്രശ്നങ്ങൾ തിരുത്തുകയും ചെയ്തു.<br>1986 ലെ ഉപഭോക്തൃ സംരക്ഷന നിയമം (സിഒപിഎ) പ്രകാരം, ഒരു ഉപഭോക്താവ്, ഒരു വ്യക്തിയ്ക്ക് അവർക്ക് ലഭിച്ച സേവനം തൃപ്തികരമല്ലെങ്കിൽ വിവിധതരം റിഡ്രസ്സലുകള് നടത്താവുന്നതാണ്. പോളിസി ഉടമകൾക്ക് തെറ്റായ കച്ചവടം കൂതാതെ ഇൻഷുറര് ഏജന്റ് എന്നിവരിൽ നിന്നുള്ള അതൃപ്തികരമായ സേവനം എന്നിവയ്ക്കെതിരെ പരാതിപ്പെടാവുന്നതാണ്. |

## ചോദ്യോത്തരങ്ങൾ

12.1

1938 ലെ ഇൻഷുറൻസ് നിയമത്തിലെ വിഭാഗം 42 പ്രകാരം ഒരു വ്യക്തിയ്ക്കോ കമ്പനിയ്ക്കോ യഥാക്രമം ഒരു ലൈഫ് ഇൻഷുറൻസ് ഏജന്റായോ ഇൻഷുറൻസ് ബിസിനസ്സ് നടത്താനോ ലൈസൻസ് നൽകുന്നത് വ്യവസ്ഥകളാല് നിയന്ത്രിച്ചിരിക്കുന്നു. ഈ വിഭാഗം താഴെപ്പറയുന്നതിലൂടെ കടന്നുപോകുന്നു:

- ഒരു ഏജന്റാവാനുള്ള യോഗ്യതാ മാനദണ്ഡം
- പരമാവധി പരിധിയുള്ള അടയ്ക്കാനുള്ള ഒരു ഫീസ്
- ലൈസൻസ് മൂന്ന് വർഷത്തേയ്ക്ക് സാധുവാണ്, അതിനുശേഷം പുതുക്കണം.
- ലൈസൻസ് കാലാവധി തീരുന്നതിന് കുറഞ്ഞത് 30 ദിവസത്തിനു മുമ്പ് പുതുക്കൽ അപേക്ഷയും ഫീസും ഐആർഡിഎയില് എത്തിച്ചേരണം.
- ക്ഷതപ്പെടുക, നശിക്കുക തുടങ്ങിയ സംഭവിച്ച് അസൽ നഷ്ടമായാല്, ലൈസൻസ് പകർപ്പ് ലഭിക്കാന് ഒരു ഫീസുണ്ട്
- ലൈസൻസില്ലാതെ ഒരു ഇൻഷുറൻസ് ഏജന്റായി പ്രവർത്തിക്കുന്നയാളെ പിഴ വഴി ശിക്ഷിക്കും.
- അയോഗ്യത
- പ്രത്യേക പരിശീലനത്തിൽ പങ്കുകൊള്ളുക
- പ്രത്യേക പരിശീലനം ജയിക്കുക.

ഈ വിഭാഗം രെജിസ്ട്രേഷൻ, മുഖ്യ ഏജന്റുമാർക്കുള്ള നിയമങ്ങൾ, ചീഫ് ഏജന്റുമാര് കൂടാതെ പ്രത്യേക ഏജന്റുമാര് എന്നിവരെക്കുറിച്ചുള്ള മാർഗ്ഗരേഖകളും വര്യ്ക്കുന്നു.

12.2

എഎംഎൽ പരിപാടിയില് ഒരു വ്യക്തിയ്ക്ക് താഴെപ്പറയുന്ന കാര്യങ്ങള് നിർബന്ധമായും ഉണ്ടായിരിക്കണം എന്നതാണ്:

- ആന്തരിക നയങ്ങൾ, നടപടികള്, നിയന്ത്രണങ്ങൾ മുതലായവ;
- പ്രാഥമിക കോംപ്ലിയൻസ് ഓഫീസറെ നിയമിക്കല്;
- എഎംഎൽ കണക്കിൽ ഇൻഷുറൻസ് ഏജന്റുമാർ/ജീവനക്കാര് എന്നിവരുടെ നിയമനവും പരിശീലനവും;
- ആന്തരിക ഓഡിറ്റ്/നിയന്ത്രണം.

## സ്വയം - പരീക്ഷാ ചോദ്യം

1. 1999 ലെ ഐആർഡിഎ നിയമത്തിന്റെ പ്രധാന ഉദ്ദേശങ്ങള് എന്തൊക്കെയായിരുന്നു?
2. 2002 ലെ പിഎംഎൽഎ ആർക്കാണ് പ്രായോഗികമായിട്ടുള്ളത്?
3. 1874 ലെ എംഡബ്ല്യൂപി നിയമപ്രകാരം ലൈഫ് ഇൻഷുറൻസ് പോളിസിയുടെ ബെനിഫിഷ്യറികളാകാന് ആർക്കാണ് സാധിച്ചിരുന്നത്?

**അടുത്ത പേജിൽ നിങ്ങൾക്ക് ഉത്തരങ്ങള് കാണാം**

## സ്വയം - പരീക്ഷാ ചോദ്യങ്ങള്

| |
|---|
| 1.<br>1999 ലെ ഐആർഡിഎ നിയമത്തിന്റെ പ്രധാന ഉദ്ദേശങ്ങള്:<br>• ഇൻഷുറൻസ് പോളിസി ഉടമകളുടെ താൽപര്യം സംരക്ഷിക്കാന്;<br>• ഇൻഷുറൻസ് വ്യവസായത്തിന്റെ ക്രമാനുഗതമായ വളർച്ച നിയന്ത്രിക്കാനും പ്രോത്സാഹിപ്പിക്കാനും; കൂടാതെ<br>• മറ്റ് ബന്ധപ്പെട്ട കാര്യങ്ങൾക്കും. |
| 2.<br>പിഎംഎൽഎയുമായി ബന്ധപ്പെട്ട കാര്യങ്ങള് റിസർവ് ബാങ്ക് ഓഫ് ഇൻഡ്യ (ആർബിഐ) നിയന്ത്രിക്കുന്ന എല്ലാ സാമ്പത്തിക സ്ഥാപനങ്ങൾക്കും ബാധകമാണ്:<br>• ബാങ്കിംഗ് റേഗുലേറ്റർ, സെക്യൂരിറ്റീസ് എക്സ്ചേഞ്ച് ബോർഡ് ഓഫ് ഇൻഡ്യ (സെബി);<br>• മൂലധന വിപണിയുടെ നിയന്ത്രകൻ, ഇൻഷുറൻസ് റെഗുലേറ്ററി ഡെവലപ്മെന്റ്;<br>• ഇൻഷുറൻസ് റെഗുലേറ്ററി ഡെവലപ്മെന്റ് അതോറിറ്റി (ഐആർഡിഎ); കൂടാതെ<br>• മറ്റെല്ലാ സാമ്പത്തിക മദ്ധ്യസ്ഥത്തിനുമുള്ള നിയന്ത്രകൻ. |
| 3.<br>എംഡബ്ല്യൂപിയുടെ കീഴിലുള്ള ഒരു പോളിസിയ്ക്ക് ബെനിഫിഷ്യറികളാകാന് കഴിയുന്നത്:<br>• ഭാര്യ മാത്രം; അല്ലെങ്കിൽ<br>• ഒന്നോ അതിലധികമോ കുട്ടികൾ; അല്ലെങ്കിൽ<br>• ഭാര്യയും ഒന്നോ അതിലധികമോ കുട്ടികള് സംയുക്തമായി. |